# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6166 — 08.07.2014-ൽ മറുപടിയ്ക്ക്

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി**

ചോദ്യം
ശ്രീ. ഇ.കെ. വിജയൻ

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) ഇൻഡ്യൻ സിവിൽ സർവ്വീസ് മാതൃകയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സർവ്വീസ് എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസിലേക്ക് ജനറൽ കാറ്റഗറിയിലുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി എത്രയായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇൻഡ്യൻ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 32 വയസ്സായി പുനർനിർണ്ണയിച്ചിരിക്കുന്നതിനാൽ ഇതേ മാതൃകയിൽ പുതിയതായി ആരംഭിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 32 വയസ്സായി നിജപ്പെടുത്തി ചട്ടങ്ങൾ രൂപീകരിക്കുന്നതിനും യോഗ്യരായ എല്ലാ ഉദ്യോഗാർത്ഥികൾക്കും പ്രസ്തുത സർവ്വീസിലേക്ക് അപേക്ഷിക്കാൻ അവസരം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സർവ്വീസിലേക്ക് ഏതെല്ലാം വകുപ്പുകളിൽ സേവനം അനുഷ്ഠിക്കുന്ന നിർദ്ദിഷ്ട യോഗ്യതയുള്ള ജീവനക്കാർക്ക് സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ഈ വിഭാഗക്കാർക്ക് പ്രസ്തുത സർവ്വീസിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി എത്ര വയസ്സാണ്;

(ഇ) സർക്കാർ സർവ്വീസിലെ എല്ലാ വകുപ്പിലെയും ഗസറ്റഡ് & നോൺ ഗസറ്റഡ് തസ്തികയിൽ നിലവിലുള്ള ജീവനക്കാർക്ക് സർവ്വീസ് ക്വാട്ടയിൽ പ്രസ്തുത സർവ്വീസിലേക്ക് അപേക്ഷിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ എല്ലാ സർവ്വീസിലെയും യോഗ്യരായ ജീവനക്കാർക്ക് പ്രസ്തുത സർവ്വീസിലേക്ക് അപേക്ഷിക്കാൻ അവസരം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

**(എ)യും (ബി)യും (സി)യും (ഡി)യും (ഇ)യും**

സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ